DISPATCHED
ON 11/06/2020

1.6.2020


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 511*(2)/2018*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **2211** */എസ്.ഐ.സി-ജി 6/18)*

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.വാസുദേവൻ എ.ആർ.,
ആയിരവല്ലി വിലാസം,
കാഞ്ഞിരംപാറ, മൈലോട് പി.ഒ.,
പൂയപ്പള്ളി – 691 537.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
സെക്രട്ടറി, പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്,
പായപ്പള്ളി പി.ഒ., കൊല്ലം – 691 537.

2. അപ്പീൽ അധികാരി&
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20.10.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 07.11.2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 22.11.2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 11.12.2017 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 07.05.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 07.05.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 12.02.2020 കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.വാസുദേവൻ എ.ആർ., 05.03.2018ന്

സമർപ്പിച്ച അപ്പീൽ ഹർജി 07.03.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.511(2)/18/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ആയതിനും പൂർണ്ണമായ വിവരങ്ങൾ ലഭ്യമായില്ലെന്നും ടിയാന്റെ അപേക്ഷയ്ക്കും അപ്പീലിനും നാളിതുവരെ മറുപടി ലഭ്യമായില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 20.10.2017ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 07.11.2017ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 22.11.2017ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 11.12.2017ന് മറുപടി നൽകിയതായും കാണുന്നു.

4. 28.04.2017ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് V-ാം വാർഡിൽ കാഞ്ഞിരംപാറ മണിമന്ദിരത്തിൽ മാധവിക്കുട്ടിയമ്മ റീ സർവ്വെ 132/12 ബ്ലോക്ക് നം.34 എന്ന വസ്തുവിൽ നടക്കുന്ന അനധികൃത ഗൃഹനിർമ്മാണം സംബന്ധിച്ച് 11.10.2017ൽ ടിയാൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടി സംബന്ധിച്ചുള്ള ഫയലിൽ നാളിതുവരെ എത്ര പേജ് ഉണ്ടെന്നും പ്രസ്തുത ഫയലിലെ നിലവിലുള്ള എല്ലാ പേജുകളുടെയും പകർപ്പുകൾ നൽകണമെന്നും 2017 ഒക്ടോബർ 14, 15, 18 തീയതികളിൽ ഗൃഹനിർമ്മാണം ടി വ്യക്തി നടത്തിയിട്ടുണ്ടെന്നും ആയതിന് ഗ്രാമ പഞ്ചായത്തിന്റെ അനുമതി നൽകിയിട്ടുണ്ടോയെന്നു തുടങ്ങി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 07.11.2017ന് നൽകിയ മറുപടിയിൽ ക്രമനമ്പർ 1ന് 20 പേജുകൾ ഉണ്ടെന്നും പകർപ്പിന് 40/- രൂപ ഒടുക്കുന്നമുറയ്ക്ക് നൽകുമെന്നുമാണ്. രണ്ടാം ഇനത്തിന് ലഭ്യമല്ല എന്നും 3, 4 എന്നിവയ്ക്ക് ബാധകമല്ല എന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 11.12.2017ന് നൽകിയ മറുപടിയിൽ ടിയാന്റെ അപ്പീലിന്മേൽ ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിന് കത്തു നൽകുകയും ഹർജിക്കാരനും ഒന്നാം എതിർകക്ഷിയും ഹാജരാകുകയും ടിയാന് ലഭ്യമായ വിവരങ്ങൾ വ്യക്തമല്ലെന്ന് ഹർജിക്കാരൻ ആക്ഷേപം ഉന്നയിക്കുകയും ചെയ്തു. കൂടാതെ ക്രമനമ്പർ 1ന് ശൂന്യമായ പേജുകൾ കൂടി ഉൾപ്പെടുത്തി തുക ഈടാക്കിയെന്ന് ടിയാൻ അപ്പീൽ അധികാരി മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന് വിവരാവകാശ നിയമപ്രകാരമാണ് മറുപടി നൽകിയതെന്നു

എസ്.പി.ഐ.ഒ. ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരനിൽ നിന്നും അമിതമായി ഈടാക്കിയ തുക നിയമവിരുദ്ധമാണെന്നും ടി തുക മടക്കി നൽകണമെന്നും ഉത്തര വായി അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

5. 28.09.2018ൽ രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ ഒന്നാം അപ്പീലിന്മേൽ ടിയാനെ നേരിൽ കേൾക്കുകയും ടിയാന്റെ അപേക്ഷ, ഒന്നാം അപ്പീൽ, ടിയാന് എസ്.പി.ഐ.ഒ. നൽകിയ മറുപടി എന്നിവ പരിശോധിച്ചതിൽ ടിയാൻ സമർപ്പിച്ച അപേക്ഷയിൽ ക്രമനമ്പർ 1ൽ ആവശ്യപ്പെട്ടിരിക്കുന്ന പകർപ്പുകൾ നൽകിയതിൽ ശൂന്യമായ പേജുകൾക്കും തുക ഈടാക്കിയെന്ന ടിയാന്റെ വാദം ശരിയാണെന്നു കണ്ടെത്തുകയും ടി കാര്യാലയത്തിൽ സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ ആവശ്യ പ്പെട്ട രേഖകൾ ഒന്നാം എതിർകകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഉൾപ്പെട്ടി ട്ടില്ലെന്ന് കണ്ടെത്തുകയും ചെയ്തുവെന്നുമാണ്. ആകയാൽ അധികമായി ഈടാ ക്കിയ തുക ടിയാന് തിരികെ നൽകുന്നതിന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ടിയാന്റെ അപ്പീൽ അപേക്ഷ തീർപ്പാക്കുകയും ടി നിർദ്ദേശപ്രകാരം അധികമായി ഈടാക്കിയ തുകയായ 18/- രൂപ തിരികെ നൽകിയെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 04.02.2020ലെ റിപ്പോർട്ടും പരി ശോധിച്ചതിൽ ഒന്നാം എതിർകക്ഷിയ്ക്ക് അസൗകര്യമായതിനാൽ ഹെഡ് ക്ലാർക്കിനെ ചുമതലപ്പെടുത്തി കത്തു നൽകുകയും ടിയാൻ 12.02.2020ന് ഹാജരാകു കയും ഹർജിക്കാരന് മറുപടി നൽകിയിരുന്നതായി കമ്മീഷനെ ബോധിപ്പിക്കുകയും ചെയ്തു. ഹാജരായ ഉദ്യോഗസ്ഥന്റെ മൊഴിയുടെയും സമർപ്പിച്ച രേഖകൾ പരിശോ ധിച്ചതിന്റെ അടിസ്ഥാനത്തിലും ഹർജിക്കാരന് വിവരങ്ങൾ ലഭ്യമായതായി കമ്മീഷനു ബോധ്യമാകുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജൂൺ 1-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM